**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1277** **10-08-2017 ൽ മറുപടിക്ക്**

# പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡി.കെ.മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ ആകെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(എ) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ കൃത്യമായ കണക്ക് ജില്ലാ കളക്ടർമാർ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. മറ്റുള്ള ജില്ലകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആലപ്പുഴ | - | 1412 പേർ |
| തൃശ്ശൂർ | - | 2203 കുടുംബങ്ങൾ |
| പാലക്കാട് | - | 263 പേർ |
| വയനാട് | - | 361 കുടുംബങ്ങൾ |
| കണ്ണൂർ | - | 25 കുടുംബങ്ങൾ |
| കോഴിക്കോട് | - | 432 കുടുംബങ്ങൾ |
| കാസർഗോഡ് | - | 1036 കേസുകൾ |

(ബി) റവന്യൂ ഭൂമിയോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ലാൻഡ് അസൈൻമെന്റ് നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി പട്ടയം നൽകി വരുന്നു.

(സി) വിതുര പഞ്ചായത്തിലെ ചെറ്റമ്പൽ പാട്ടെൻ ചിറയിൽ നവോദയ സ്കൂളിനോട് ചേർന്ന് കിടക്കുന്ന റവന്യൂ ഭൂമിയിൽ കഴിഞ്ഞ 15 വർഷമായി കുടിൽ കെട്ടി താമസിക്കുന്ന ആദിവാസികൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) നെടുമങ്ങാട് താലൂക്കിൽ തെന്നൂർ വില്ലേജിൽ ചെറ്റച്ചൽ ജേഴ്സി ഫാം ഉൾപ്പെട്ട ഭൂമി ടി വില്ലേജിൽ സർവ്വെ നമ്പർ 2811-ൽ ഉൾപ്പെട്ടു വരുന്നതും പ്രസ്തുത സ്ഥലം ബി.റ്റി.ആർ പ്രകാരം സർക്കാർ തരിശ് എന്നും റിമാർക്സ് കോളത്തിൽ പച്ചമല റിസർവ്വ് രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. ടി ഭൂമിയിൽ വനം വകുപ്പ് അക്കേഷ്യാ, മാഞ്ചിയം, ആഞ്ഞിലി, കാറ്റാടി, കശുമാവ് എന്നിവ കൃഷി ചെയ്തു വരുന്നതായും കാണുന്നു. പ്രസ്തുത ഭൂമിയിൽ വനംവകുപ്പ് അവകാശവാദം ഉന്നയിക്കുന്ന സാഹചര്യത്തിൽ ടി ഭൂമി ആദിവാസികൾക്ക് പതിച്ച് കൊടുക്കുന്ന കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമുണ്ട്.

സെക്ഷൻ ഓഫീസർ